# നോർത്ത് വയലളം എൽ പി സ്കൂൾ, തിരുവങ്ങാട്, തലശ്ശേരി -670103

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

**മെയ് 20:**

പ്രധാന അധ്യാപികയുടെ നേതൃത്വത്തിൽ സ്കൂൾ സുരക്ഷ, ജന ജാഗ്രത സമിതി, ദുരന്തനിവാരണ സമിതി, ശുചിത്വ കമ്മിറ്റി എന്നിവയുടെ രൂപീകരണം. പുതിയ എസ്ആർ.ജി കൺവീനറെ തിരഞ്ഞെടുക്കുന്നു ക്ലാസ് ചാർജ് വിഭജനം. പ്രവേശനോത്സവം ആസൂത്രണം ചെയ്യുന്നു. പ്രവേശനോത്സവത്തിന് ഉദ്ഘാടകനായി തലശ്ശേരി നഗരസഭ പൊതുമരാമത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാനും നമ്മുടെ വാർഡ് കൗൺസിലറുമായ ശ്രീ സി സോമനെ ക്ഷണിക്കുന്നു.  ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ പ്രവേശനോത്സവത്തിന് അനുമോദിക്കുന്നു. പിടിഎ പ്രസിഡണ്ട് കെ പി ഷിബിൻ അധ്യക്ഷ നായുള്ള പ്രവേശനോത്സവ യോഗത്തിൽ പ്രധാന അധ്യാപിക ഇന്ദു ടീച്ചർ സ്വാഗതവും എസ്ആർജി കൺവീനർ ഷൈമ ടീച്ചർ നന്ദിയും പറയുമെന്നു. ആശംസകൾക്കായി മഠം സെക്രട്ടറി, വായനശാല സെക്രട്ടറി, മാനേജർ, മദർ പിടിഎ പ്രസിഡണ്ട്, എന്നിവരെ ക്ഷണിക്കുന്നു. അയൽപക്ക നഗരസഭാംഗങ്ങളെ കൂടി ഉൾപ്പെടുത്തി യുള്ള വേദി വരുംകാലങ്ങളിൽ സ്കൂളിന് മുതൽക്കൂട്ടാവും എന്നതു കൊണ്ട് അവരെയും പ്രവേശനോത്സവത്തിന് ക്ഷണിക്കുന്നു. പഠനോപകരണത്തിന് സ്പോൺസർമാരെ കണ്ടെത്തുന്നു. പ്രവേശനോത്സവ ദിവസം വിദ്യാർത്ഥികൾക്ക് പായസം വിതരണം നടത്തുന്നു.

**ജൂൺ 2**

വിദ്യാലയം അ ലങ്കരിക്കൽ, നവാഗതരെ സ്വാഗതം ചെയ്യുന്നു.

എസ് ആർ ജി യോഗം..

**ജൂൺ 3**

വിവിധ ക്ലാസുകളിലെ പ്രീ ടെസ്റ്റ്. പ്രീ ടെസ്റ്റ് ഒന്നാംക്ലാസിൽ ചിത്ര വായന,അക്കങ്ങളെ കുറിച്ചുള്ള ധാരണ.2 3 4 5 ക്ലാസുകളിൽ ഭാഷാ

ശാസ്ത്ര വിഷയങ്ങളിലൂടെ കടന്നുപോകുന്ന തരത്തിലുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തിയ പ്രീ ടെസ്റ്റ്.

**ജൂൺ 5 ലോക പരിസ്ഥിതി ദിനം**

ലോക പരിസ്ഥിതി ദിനം ഉദ്ഘാടനം ചെയ്യാൻ തിരുവങ്ങാട് ഗവൺമെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ നിന്നും വിരമിച്ച അധ്യാപകനായ യൂസഫ് മാസ്റ്ററെ (പക്ഷി നിരീക്ഷകൻ) ക്ഷണിക്കുന്നു

പരിസര ദിനത്തോടനുബന്ധിച്ച് ക്വിസ് പോസ്റ്റർ രചന പ്രസംഗം എന്നീ മത്സരങ്ങൾ നടത്തുന്നു. സമ്മാനത്തിനായി സ്പോൺസർമാരെ കണ്ടെത്തുന്നു.

**ജൂൺ 6**

ഉച്ചഭക്ഷണ കമ്മിറ്റി രൂപീകരണം ഹരിത വിദ്യാലയ കമ്മിറ്റി രൂപീകരണം

**ജൂൺ 10**

പിടിഎ ജനറൽബോഡി യോഗം അക്കാദമിക മാസ്റ്റർ പ്ലാൻ പ്രകാശനം. മികവ് കരട് അവതരണം (2025-26 അധ്യയന വർഷം വിദ്യാലയത്തിലെ മുഴുവൻ കുട്ടികളും 20 ബാലസാഹിത്യ ഗ്രന്ഥങ്ങൾ എങ്കിലും വായിച്ചിരിക്കണം..)

**ജൂൺ 13**

എസ് ആർ ജി യോഗം

**ജൂൺ 19**

വായനാദിനത്തിൽ പ്രദേശത്തെ ശ്രീനാരായണ ധർമ്മപ്രകാശിനി വായനശാല യുമായി ചേർന്നുകൊണ്ട് വായന വാരാചരണത്തിന് തുടക്കം കുറിക്കുന്നു.

തലശ്ശേരി താലൂക്ക് ലൈബ്രറി കൗൺസിൽ സെക്രട്ടറി അഡ്വക്കേറ്റ് പ്രദീപ് വയനാ വാരാചരണ ഉദ്ഘാടനം നിർവഹിക്കുന്നു. കുട്ടികൾക്കായി പാ ട്ടരങ്ങ് സംഘടിപ്പിക്കുന്നു .

വായനശാലയിൽ നിന്നുംകുട്ടികൾക്ക് മെമ്പർഷിപ്പ് നൽകുന്നു.

വിർത്ഥികൾ വായനശാലയിൽ നിന്നും പുസ്തകം ഒപ്പിട്ട് വാങ്ങുന്നു. ആഴ്ചയിൽ ഒരു ദിവസം പുസ്തക കൈമാറ്റത്തിന് അവസരം നൽകുന്നു. ഓരോ ആഴ്ചയും വായിക്കുന്ന പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കാനും വായനാക്കുറിപ്പ് തയ്യാറാക്കാനും ആവശ്യപ്പെടുന്നു. അതിനായി ഒരു 200 പേജ് പുസ്തകം കരുതിവെക്കുന്നു.

വായനശാല സന്ദർശിച്ച് വിവിധ ബാലസാഹിത്യ ഗ്രന്ഥങ്ങളുടെ പ്രദർശനവും പരിചയപ്പെടലും നടക്കുന്നു.

**ജൂൺ 25**

ഇഷ്ടപ്പെട്ട സാഹിത്യകാരനെ കുറിച്ച് ഒരു പ്രസംഗം.

ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ.

ക്വിസ് മത്സരം

നോട്ടീസ് നിർമ്മാണം പരിചയപ്പെടൽ.

ചുമർപത്ര നിർമ്മാണം.

രക്ഷിതാക്കൾക്ക് സാഹിത്യ ക്വിസ് മത്സരം

**ജൂൺ 26**

ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച്

പോസ്റ്റർ നിർമ്മാണം ഫ്ലാഷ് മോബ് അവ തരണം. വിദ്യാർത്ഥികൾക്കുള്ള സമ്മാനദാനം.

**ജൂൺ 27**

എസ് ആർ ജി യോഗം

**എല്ലാ മാസവും ഒരു ദിവസം (മൂന്നാം വാരം) ക്ലാസ്സ് പിടിഎ, ജാഗ്രത സമിതി, സ്കൂൾ സുരക്ഷ, ഉച്ചഭക്ഷണ കമ്മിറ്റി,സ്കൂൾ ദുരന്തനിവാരണ കമ്മിറ്റി.**

**ജൂലായ് 3**

ശ്രീനാരായണ ധർമ്മ പ്രകാശിനി വായനശാല സന്ദർശിക്കുന്നു. പുസ്തകം കൈമാറ്റം ചെയ്യുന്നു. മികവിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടവായന കുറിപ്പ് ലൈബ്രേറിയനുമായി പങ്കിടുന്നു. വേണ്ട നിർദേശം അധ്യാപകരോടൊപ്പം തന്നെ ലൈബ്രേറിയനും നൽകുന്നു.( ഇത്തരം പ്രവർത്തനങ്ങൾ ഭാഷാ വികസനത്തിനും സാഹിത്യസൃഷ്ടി സ്വന്തമായി രചിക്കുന്നതിനും കുട്ടികളെ പ്രേരിപ്പിക്കുന്നു)

**ജൂലായ് 4**

എസ് ആർ ജി യോഗം

**ജൂലായ് -5( ബഷീർ ദിനം ജൂലൈ 7ന് നടത്തുന്നു)**

ബഷീറിനെ ഞാൻ എന്ത് കൊണ്ട് ഇഷ്ടപ്പെടുന്നു.... എന്ന വിഷയത്തിൽ ഒരു പുറത്തിൽ കവിയാതെ എഴുതുക... അത് പഠിച്ചു പ്രസംഗിക്കുക... ബഷീറിന്റെ പ്രശസ്തമായ ഗ്രന്ഥങ്ങൾ പരിചയപ്പെടുത്തുക...

ബഷീർ കഥാപാത്രങ്ങളെ ചിത്രീകരിക്കുക...

**ജൂലൈ 10**

ബാല സഭ, വിവിധ ക്ലബ്ബു കളുടെ ഉദ്ഘാടനം.. ശ്രീമതി അനിത വടവ തി.ഓരോ ക്ലബ്ബുകളും ഈവിദ്യാലയത്തിൽ നടത്തുന്ന വിവിധ പ്രവർത്തനങ്ങളുടെ

അവതരണം .ക്ലബ് കൺവീനർമാർ നടത്തുന്നു..

**ജൂലൈ 11**

അസംബ്ലിയിൽ ജനസംഖ്യ ദിനത്തെ കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ് അഞ്ചാം ക്ലാസിലെ വിദ്യാർത്ഥികൾക്ക് ജനസംഖ്യ ക്വിസ്.

**ജൂലായ് 17**

ശ്രീനാരായണ ധർമ്മ പ്രകാശനി വായനശാല സന്ദർശിക്കുന്നു പുസ്തക കൈമാറ്റം നടത്തുന്നു. മികവിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട വായനാക്കുറിപ്പ് ലൈബ്രേറിയനുമായി പങ്കിടുന്നു. ( ഇത്തരം പ്രവർത്തനങ്ങൾ സ്വന്തം സൃഷ്ടി തയ്യാറാക്കുന്നതിന് കുട്ടികളെ സഹായിക്കുന്നു)

**ജൂലായ് 18.**

എസ് ആർ ജി യോഗം

**ജൂലൈ 21**

ചാന്ദ്രദിന പതിപ്പ് തയ്യാറാക്കൽ.

ചന്ദ്രദിന ക്വിസ്

മാനത്തെന്ത്.... ക്ലാസ്സ് നയിക്കുന്നത് -----സുചിത്ര ടീച്ചർ

ബഹിരാകാശ നിലയത്തെക്കുറിച്ചും ബഹിരാകാശ യാത്രയെ കുറിച്ചും ബഹിരാകാശ യാത്രികരായ ഇന്ത്യക്കാരെക്കുറിച്ചും കുട്ടികളിൽ അവബോധം ഉണ്ടാക്കുന്നു,. ഒന്ന് രണ്ട് ക്ലാസിലെ കുട്ടികൾക്ക് അമ്പിളി അമ്മാവന്റെ പാട്ടുകൾ പാടി കൊടുത്തു മാനത്തെ കാഴ്ചകൾ പറയാൻ ആവശ്യപ്പെടുന്നു. മാനത്തെ കാഴ്ചകൾ വരക്കാനും ആവശ്യപ്പെടുന്നു. ( ഇത്തരം പ്രവർത്തനങ്ങൾ കുട്ടികളിൽ ജിജ്ഞാസ ഉണർത്തുന്നതിനും നിരീക്ഷണം വളർത്തുന്നതിനും ഉതകുന്നു )

**ആഗസ്റ്റ് 6**

ആഗസ്റ്റ് 6 ഹിരോഷിമ ദിനത്തിന്റെ ഭാഗമായി യുദ്ധവിരുദ്ധ റാലി സംഘടിപ്പിക്കുന്നു. ഹിരോഷിമ ദിനത്തിൽ ഇരകളെ അനുസ്മരിക്കുകയും ആണവായുധത്തിന്റെ പ്രത്യാഘാതങ്ങൾ കുട്ടികൾക്ക് തിരിച്ചറിയാനും, യുദ്ധവിരുദ്ധ മനോഭാവം കുട്ടികളിൽ വളർത്തുന്നതിനും ഈ പ്രവർത്തനത്തിലൂടെ സാധ്യമാകുന്നു.

സഡാക്കോ കൊക്ക് നിർമ്മാണം- വിദ്യാലയ അങ്കണത്തിൽ തൂക്കിയിടൽ ( ഈ അടുത്തകാലത്ത് ഉണ്ടായ ഇന്ത്യൻ- പാകിസ്ഥാൻ യുദ്ധങ്ങളെ കുറിച്ചും ഇസ്രയേൽ ഇറാൻ യുദ്ധങ്ങളെ കുറിച്ചും ഓർമ്മപ്പെടുത്തി കൊണ്ടാണ് ഇത്തരം പ്രവർത്തനങ്ങൾ കുട്ടികളെക്കൊണ്ട് ചെയ്യിപ്പിക്കുന്നത്. സമാധാന സന്ദേശം വളർത്തുന്നതിനും ആക്രമണത്തിൽ രക്തസാക്ഷിയാകേണ്ടി വന്ന കുട്ടിയെ സ്മരിക്കുന്നതിനും ലോകസമാധാന സന്ദേശം വളർത്തുന്നതിനും കുട്ടികളെ പ്രേരിപ്പിക്കുന്നതിനോടൊപ്പം ഒറിഗാമി കൊക്കുകളുടെ നിർമ്മാണത്തിലൂടെ ശാരീരിക ചലനപരമായ ബുദ്ധിവികാസം

വളർത്തുന്നതിന് സഹായിക്കുന്നു. ഒപ്പം പ്രവർത്തിപരിചയമേളയിൽ പങ്കെടുക്കാൻ ഇത്തരം പ്രവർത്തനങ്ങൾ സഹായമാകും. ഇവ സൈക്കോ മോട്ടോ ഡെവലപ്മെന്റിനും സഹായിക്കും.)

* പോസ്റ്റർ രചന മത്സരം- കുട്ടികളുടെ ചിത്രരചന മികവ് തിരിച്ചറിയാനും പ്രോത്സാഹിപ്പിക്കാനും സഹായിക്കുന്നു.

* ക്വിസ് മത്സരം സംഘടിപ്പിക്കുന്നു - ഇതിലൂടെ കേട്ടറിഞ്ഞു നിശ്ചിത സമയം പരിധിക്കുള്ളിൽ ഉത്തരം പറയാനുള്ള ശേഷി കുട്ടികളിൽ വളർത്തുന്നു.

* യുദ്ധത്തിന്റെ ഭീകരത- വീഡിയോ/ ഡോക്യുമെന്ററി പ്രദർശനം- യുദ്ധത്തിന്റെ ഭീകരത കുട്ടികളിൽ വെളിപ്പെടുന്നതിനോടൊപ്പം യുദ്ധങ്ങൾ അധാർമികമായ പ്രവർത്തനമാണെന്നും അവ ലോകസമാധാനം നശിപ്പിക്കുന്നതാണെന്നും കുട്ടികളിൽ ബോധ്യപ്പെടുന്നു. യുദ്ധങ്ങൾ യാതൊന്നിനും പരിഹാരമല്ലെന്നും അവ വരുത്തുന്ന വിനാശത്തെക്കുറിച്ചുള്ള ധാരണ യുദ്ധവിരുദ്ധ മനോഭാവം കുട്ടികളിൽ വളർത്തുന്നു.

**ആഗസ്റ്റ് 8**

ശ്രീനാരായണ ധർമ്മ പ്രകാശിനി വായനശാല സന്ദർശിക്കുന്നു.പുസ്തക കൈമാറ്റം നടത്തുന്നു. മികവിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട വായന കുറിപ്പ് വിലയിരുത്തുന്നു. ആവശ്യമായ മെച്ചപ്പെടുത്തലുകൾ നടത്തുന്നു. ( ഇത്തരം പ്രവർത്തനത്തിലൂടെ സ്വന്തം സൃഷ്ടി തയ്യാറാക്കുന്നതിനും ഭാഷശേഷി വികസനത്തിനും സഹായിക്കുന്നു.)

**ആഗസ്റ്റ് 9-**

ക്വിറ്റ് ഇന്ത്യ ദിനം ( ഓഗസ്റ്റ് 11ന് നടത്തുന്നു) ചരിത്രകാരനെ വിദ്യാലയത്തിലേക്ക് ക്ഷണിച്ച് ക്വിറ്റ് ഇന്ത്യ ദിനത്തെക്കുറിച്ച് ക്ലാസ് സംഘടിപ്പിക്കാന്നു. ( സ്വാതന്ത്ര്യദിന സമര ചരിത്രത്തിൽ ക്വിറ്റ് ഇന്ത്യ സമരത്തിന്റെ പ്രാധാന്യം കുട്ടികൾ തിരിച്ചറിയുന്നതിനോടൊപ്പം ദേശീയബോധം ഐക്യബോധം എന്നിവ ഊട്ടിയുറപ്പിക്കുന്നു.)

**ഓഗസ്റ്റ് 15- സ്വാതന്ത്ര്യ ദിനം**

* പതാക ഉയർത്തൽ

* വിമുക്തഭടനെ വിദ്യാലയത്തിലേക്ക് വിശിഷ്ടാതിഥിയായി ക്ഷണിച്ച് സ്വാതന്ത്ര്യ സമര ചരിത്രം കുട്ടികളുമായി പങ്കുവയ്ക്കൽ. ( ഇന്ന് നാം അനുഭവിക്കുന്ന സ്വാതന്ത്ര്യത്തിനു പിന്നിൽ നൂറ്റാണ്ടുകളുടെ പോരാട്ട കഥയുണ്ട് എന്ന് കുട്ടികൾക്ക് ബോധ്യപ്പെടുന്നു. സ്വാതന്ത്ര്യസമര ചരിത്രം, സ്വാതന്ത്ര്യസമരനായകൻമാർ അവരുടെ പ്രവർത്തനങ്ങൾ എന്നിവയെ കുറിച്ച് ധാരണ നേടുന്നു.)

* ക്വിസ് ( ഇതിലൂടെ കൃത്യമായി കാര്യങ്ങൾ മനസ്സിലാക്കാനും നിശ്ചിത സമയ പരിധിക്കുള്ളിൽ ഉത്തരം പറയാനും ഉള്ള കഴിവ് കുട്ടികളിൽ വളർത്തുന്നു.)

* ദേശഭക്തിഗാനാലാപനം( ദേശഭക്തി വളർത്തുന്നതിനോടൊപ്പം കുട്ടികളിലെ സർഗ്ഗത്മകത വളർത്തുന്നു. കലാമേളയിൽ പങ്കെടുക്കുന്നതിനും ഇതിലൂടെ സഹായിക്കുന്നു.)

* പ്രസംഗമത്സരം( കുട്ടികളിൽ ആത്മവിശ്വാസം വളർത്തുന്നതിനോടൊപ്പം കൃത്യമായി ആശയങ്ങൾ ശരിയായ ഭാഷാശുദ്ധിയോടെ പ്രകടിപ്പിക്കാനുള്ള ഭക്ഷണ ശേഷി വളർത്തുന്നു.

**<u>ഓഗസ്റ്റ് 22</u>**

മികവ് പ്രവർത്തനം വിലയിരുത്തുന്നു. വായനക്കുറിപ്പ് വായിച്ച് ആവശ്യമായ മെച്ചപ്പെടുത്തൽ, നിർദ്ദേശങ്ങൾ നൽകുന്നു.

* എസ് ആർ ജി യോഗം നടത്തുന്നു

**<u>ഓഗസ്റ്റ് 29</u>**

കായിക ദിനം ( കുട്ടികളിലെ വിവിധ കായികശേഷി തിരിച്ചറിയാനും വിവിധ കായിക ഇനങ്ങളെ ക്കുറിച്ച് കുട്ടികൾക്ക് മനസ്സിലാക്കാനും സാധിക്കുന്നു.)

സ്കൂളിൽ ഓണാഘോഷ പ്രവർത്തനങ്ങൾ നടത്തുന്നു.

**ആഗസ്റ്റ് 30 മുതൽ സെപ്റ്റംബർ 8 വരെ ഓണാവധി.**

**<u>സെപ്റ്റംബർ 5</u>**

ഈ വർഷം തിരുവോണവുംഅദ്ധ്യാപക ദിനവും ഒരേദിവസം ആയതിനാൽ അന്നേദിവസംമുതിർന്ന കുട്ടികളും അദ്ധ്യാപകരും വിദ്യാലയത്തിലെ ത്തിലെ മുതിർന്ന അധ്യാപികയെ ആദരിക്കുന്നു.

അദ്ധ്യാപക ദിനാഘോഷം

സെപ്റ്റംബർ 9ന് ഓണാവധിക്ക് ശേഷം സ്കൂൾ തുറന്നു നടത്തുന്നു. പാദ വാർഷിക പരീക്ഷയുടെ മൂല്യനിർണയം നടത്തിയ ഉത്തര കടലാസുകൾ വിതരണം നൽകുന്നു.

**<u>സെപ്റ്റംബർ 12</u>**

ശ്രീനാരായണ ധർമ്മ പ്രകാശിനി വായനശാല സന്ദർശിക്കുന്നു. പ്രവർത്തനങ്ങൾ വിലയിരുത്തുന്നു.

**<u>സെപ്റ്റംബർ 13</u>**

എസ് ആർ ജി യോഗം നടത്തുന്നു.പഠന പുരോഗതി ചർച്ച ചെയ്യുന്നു. ബാലസഭ കൂടുന്നു.

**<u>സെപ്റ്റംബർ 15</u>**

കുട്ടികളുടെ പഠന പുരോഗതി ചർച്ച ചെയ്യുന്നതിനായി യോഗം വിളിച്ചു ചേർക്കുന്നു.ചില വിഷയങ്ങളിൽ പ്രത്യേക പരിഗണന വേണ്ടവരെ പ്രതിഭാ കേന്ദ്രത്തിലയക്കാൻ നിർദ്ദേശം നൽകുന്നു....

**<u>സെപ്റ്റംബർ 26</u>**

ശ്രീനാരായണ ധർമ പ്രകാശിനി വായനശാല സന്ദർശിക്കുന്നു. മികവിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു.

**<u>സെപ്റ്റംബർ 27</u>**

എസ് ആർ ജി യോഗം ചേരുന്നു

**<u>ഒക്ടോബർ-2</u>**

ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തിൽ ഗാന്ധി ക്വിസ് നടത്തുന്നു. പ്രസംഗം ഗാന്ധിജിയുടെ ജീവചരിത്രം ഡോക്യുമെന്ററി (ഒരു നിശ്ചിത സമയത്തിനുള്ളിൽ ചോദ്യം കേട്ട് ഉത്തരം പറയാനുള്ള ശേഷി കൈവരുന്നു. പ്രസംഗത്തിലൂടെ സഭാ കമ്പം ഇല്ലാതാകുന്നു. വിവരണം തയ്യാറാക്കുന്നതിലൂടെ വാക്യഘടനയെ പറ്റി ധാരണയുണ്ടാവുന്നു.

മികവിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് വായനശാല സന്ദർശനം നടത്തുന്നു. വായിച്ച പുസ്തകങ്ങളെ കുറിച്ച് ചർച്ച.. ലൈബ്രേറിയനുമായി അഭി മുഖ ത്തിനു അവസരം ഉണ്ടാക്കുന്നു.

**<u>ഒക്ടോബർ 9</u>**

തപാൽ ദിനം

പോസ്റ്റ് ഓഫീസ് സന്ദർശനം നടത്തുന്നു. അവിടുത്തെ പ്രവർത്തനങ്ങൾ അനുഭവത്തിലൂടെ അറിയുന്നു. ഇൻലന്റ് പോസ്റ്റ് കാർഡ്, പോസ്റ്റ് കവർ എന്നിവ ലഭ്യമാക്കുന്നു. സ്റ്റാമ്പ് ശേഖരണത്തിലൂടെ വ്യത്യസ്ത രാജ്യങ്ങളുടെ സ്റ്റാമ്പിന്റെ വൈവിധ്യമറിയുന്നു ആൽബം ചെയ്യുന്നതിലൂടെ ക്രമീകരണശേഷി വികസിക്കുന്നു. ലോകരാജ്യങ്ങളെ പറ്റിയുള്ള ധാരണ കൈവരുന്നു.

**<u>ഒക്ടോബർ 10</u>**

ബാലസഭ, (വിദ്യാർത്ഥികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കാൻ അവസരം നൽകുന്നു..)

SRG യോഗം

**<u>ഒക്ടോബർ 13</u>**

കായിക ദിനം നടത്തുന്നു. കായിക ദിനം ഉദ്ഘാടനം നടത്താൻ നമ്മുടെ സബ് ജില്ലയിലെ കായികതാരമായ ഷമിൻ മാസ്റ്ററെ ക്ഷണിക്കുന്നു.. വിവിധതരം കളികൾ നടത്തുന്നത്തിലൂടെ കുട്ടികളുടെ കായിക ശേഷി വികസിക്കുന്നു.

കായിക ശേഷി വർദ്ധിപ്പിക്കാൻ ഷമിൻ മാസ്റ്ററുടെ നേതൃതത്തിൽ ഒരു ക്യാമ്പ് സംഘടിപ്പിക്കുന്നു.

**<u>ഒക്ടോബർ 16</u>**

ലോക ഭക്ഷ്യ ദിനം

ലോക ഭക്ഷ്യ ദിനത്തിൽ ഐസിഡിസി സൂപ്പർവൈസർ ആയ ശ്രീമതി കാവ്യയെ കൊണ്ട് പോഷക ഘടകങ്ങൾ ആഹാരത്തിൽ ഉൾപ്പെടുത്തേണ്ട ആവശ്യകതയെ കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു.

ഇതിനു തുടർച്ചയായി പലഹാരം സംഘടിപ്പിക്കുന്നു വ്യത്യസ്തതരം പലഹാരങ്ങൾ പരിചയപ്പെടുന്നു. പുറത്തുനിന്ന് വാങ്ങുന്ന ഭക്ഷണപദാർത്ഥങ്ങളിൽ ഉൾപ്പെടുത്തുന്ന രാസവസ്തുക്കളെ കുറിച്ചും മറ്റും വിദ്യാർത്ഥികളിൽ ധാരണയുണ്ടാകുന്നു.

**ഒക്ടോബർ 23**

മികവിന്റെ പ്രവർത്തനം. പുസ്തക കൈമാറ്റം.

**ഒക്ടോബർ 24**

ബാലസഭ( വിദ്യാർത്ഥികളുടെ വ്യക്തിഗതവും സംഘപ്രവർത്തനങ്ങളും ആയ സർഗാത്മക കഴിവുകൾ പ്രകടിപ്പിക്കുന്നു.)

**ഒക്ടോബർ 24**

എസ് ആർ ജി യോഗം

അജണ്ട: ശിശുദിനാഘോഷം

**നവംബർ 3**

നവംബർ 1 ശനിയാഴ്ചയായതിനാൽ നവംബർ മൂന്നാം തീയതി കേരളപ്പിറവി ദിനത്തിന്റെ പ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നു.LKG മുതൽ അഞ്ചാം ക്ലാസുവരെയുള്ള കുട്ടികളുടെ അവതരണം വിദ്യാരംഗം കൺവീനറുടെ നേതൃത്വത്തിൽ നടത്തുന്നു. കേരള ഗാനം ആലപിക്കുന്നതിലൂടെ സ്വന്തം നാടിനോട് അഭിമാനം ഉണ്ടാകുന്നു. കേരള ക്വിസ് നടത്തുന്നു. ഒരു സമയപരിമിതിക്കുള്ളിൽ ചോദ്യം മനസ്സിലാക്കി ഉത്തരം കണ്ടെത്താനുള്ള ശേഷി വികസിക്കുന്നു. കേരളത്തെക്കുറിച്ച് അറിവ് കിട്ടുന്നു.

**നവംബർ 12- സലിം അലി ജന്മദിനം**

ഒന്ന് രണ്ട് ക്ലാസുകളിൽ പക്ഷികളുടെ പേരുകൾ എഴുതാനും ചിത്രശേഖരണവും നടത്തുന്നു. ചിത്രശേഖരണത്തിലൂടെ ഓരോ പക്ഷിയുടെയും കൂട്ടിന്റെ ആകൃതി നിറം എന്നിവ അറിയുന്നു. മൂന്ന് നാല് അഞ്ച് ക്ലാസുകളിൽ പക്ഷി ആൽബം തയ്യാറാക്കുന്നു. കുറിപ്പ് തയ്യാറാക്കുന്നു.

**<u>നവംബർ 13</u>**

ഉച്ചയ്ക്കുശേഷം മികവിന്റെ പ്രവർത്തന ഭാഗമായി വായനശാല സന്ദർശനം നടത്തുന്നു. പുതിയ പുസ്തകങ്ങൾ കൊടുക്കുന്നു.

**<u>നവംബർ 14 ശിശുദിനം</u>**

നെഹ്റുവിനെ പരിചയപ്പെടുത്തുന്നു. തൊപ്പി നിർമ്മാണം( ഒന്ന് രണ്ട് ക്ലാസുകളിൽ ). ശിശുദിന ഗാനങ്ങൾ ആലപിക്കുന്നു( ആലാപന ശേഷിയും നെഹ്റുവിനെ പറ്റിയുള്ള ധാരണയും). ശിശുദിന ക്വിസ് നടത്തുന്നു. ബാലസഭയിലാണ് അവതരണം.

**<u>നവംബർ 25 ലോക പരിസ്ഥിതി സംരക്ഷണ ദിനം</u>**

ജൂൺ 5 പരിസ്ഥിതി ദിന പ്രവർത്തനത്തിന്റെ തുടർച്ചയായി ലോക പരിസ്ഥിതി സംരക്ഷണ ദിനത്തിന്റെ പ്രാധാന്യം ഒന്നുകൂടി പ്രധാന അധ്യാപിക ബോധ്യപ്പെടുത്തി ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു.

**<u>നവംബർ 27</u>**

മികവിന്റെ പ്രവർത്തനമായി വായനശാല സന്ദർശനം. കൂടുതൽ പുസ്തകങ്ങൾ പരിചയപ്പെടുത്തുന്നു. എസ് ആർ ജി യോഗം. പഠന പ്രവർത്തനങ്ങൾ ചർച്ച

**<u>നവംബർ 28 ബാലസഭ:</u>**

ബാലസഭയിൽ വിവിധ കലാപരിപാടികൾ നടത്തുന്നു. സഭാ കമ്പവും കലാസ്നേഹവും വളരുന്നു.

നവംബർ 3 - നവംബർ 1 ശനിയാഴ്ചയായതിനാൽ നവംബർ മൂന്നാം തീയതി കേരളപ്പിറവി ദിനത്തിന്റെ പ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നു.LKG മുതൽ അഞ്ചാം ക്ലാസുവരെയുള്ള കുട്ടികളുടെ അവതരണം വിദ്യാരംഗം കൺവീനറുടെ നേതൃത്വത്തിൽ നടത്തുന്നു. കേരള ഗാനം ആലപിക്കുന്നതിലൂടെ സ്വന്തം നാടിനോട് അഭിമാനം ഉണ്ടാകുന്നു. കേരള ക്വിസ് നടത്തുന്നു. ഒരു സമയപരിമിതിക്കുള്ളിൽ ചോദ്യം മനസ്സിലാക്കി ഉത്തരം കണ്ടെത്താനുള്ള ശേഷി വികസിക്കുന്നു. കേരളത്തെക്കുറിച്ച് അറിവ് കിട്ടുന്നു.

**<u>ഡിസംബർ 5</u>**

ഡിസംബർ 5 മണ്ണ് ദിനത്തിൽ വിവിധതരം മണ്ണുകൾ പരിചയപ്പെടുത്തുന്നു.ലോക മണ്ണ് ദിനം എല്ലാ വർഷവും ഡിസംബർ 5-ന് ആചരിക്കുന്നു. ഇത് മണ്ണിന്റെ പ്രാധാന്യത്തെക്കുറിച്ചും മണ്ണിൻ്റെ സുസ്ഥിര പരിപാലനത്തെക്കുറിച്ചും അവബോധം നൽകുന്നു.

·വിവിധതരം മണ്ണിലെ ജലാംശം കണ്ടെത്തുന്നതിനുള്ള പരീക്ഷണങ്ങൾ ചെയ്യാൻ തീരുമാനിച്ചു.ഇതിലൂടെ നേരനുഭവവും ധാരണകളും ഉറയ്ക്കാൻ സാധിക്കുന്നു.

·മണ്ണുമായി ബന്ധപ്പെട്ട പഴഞ്ചൊല്ലുകൾ ശേഖരണവും നടത്തുന്നു.

**<u>ഡിസംബർ 6</u>**

അംബേദ്കർ ചരമദിനം.

ഭരണഘടന നിർമാണത്തിൽ അംബേദ്കറിന്റെ പങ്ക് മനസ്സിലാക്കാൻ പ്രസംഗം നടത്തുന്നു.ഇതിലൂടെ ആശയധാരണ ഉണ്ടാകാനും പ്രസംഗ ശൈലിയും,ഭാഷാപ്രയോഗങ്ങളും,വിഷയത്തെക്കുറിച്ചുള്ള ആഘാതമായ അറിവ് വർദ്ധിപ്പിക്കാനും സാധിക്കുന്നു.

**<u>ഡിസംബർ 10</u>**

മനുഷ്യാവകാശ ദിനം

ഓരോവ്യക്തിക്കും അന്തസ്സും സുരക്ഷയും ഉറപ്പാക്കി സമൂഹത്തിൽ ജീവിക്കാനുള്ള അവകാശമാണിതെന്ന അവബോധം വളർത്താനായി അവബോധം ക്ലാസ് നടത്തുന്നു.

**<u>ഡിസംബർ 14</u>**

ഊർജ്ജ സംരക്ഷണ ദിനം.

ഡിസംബർ 14 ഞായറാഴ്ച അതിനാൽ അടുത്ത പ്രവർത്തി ദിനം ഊർജ്ജ സംരക്ഷണത്തിൻ്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം വളർത്താനും ഊർജ്ജം എങ്ങനെ കാര്യക്ഷമമായി ഉപയോഗിക്കാമെന്ന് പഠിപ്പിക്കാനും ക്വിസ് മത്സരം നടത്തുന്നു.ഇതിലൂടെ കേട്ടറിഞ്ഞു നിശ്ചിത സമയം പരിധിക്കുള്ളിൽ ഉത്തരം പറയാനുള്ള ശേഷി കുട്ടികളിൽ വളർത്തുന്നു.

11to18 അർദ്ധ വാർഷിക പരീക്ഷ,19to29 ക്രിസ്തുമസ് അവധി.

**<u>ഡിസംബർ 31</u>**

ക്ലാസ്സ് PTA, മൂല്യനിർണയരേഖ വിതരണം ചെയ്യൽ, പിടിഎ ജനറൽ ബോഡി.

**<u>ജനുവരി 2026</u>**

ജനുവരി രണ്ടാം വാരം എൽ. പി. സബ്ജില്ലാതല സർഗോത്സവം നടത്തപ്പെടുന്നു.വിദ്യാർത്ഥികളുടെ സർഗ്ഗവാസനങ്ങളും ക്രിയാത്മ ശേഷികളും പരിപോഷിപ്പിക്കാൻ ഇത്തരം സർഗോത്സവങ്ങൾ സഹായിക്കുന്നു.

**<u>ജനുവരി 16</u>**

കുമാരനാശാൻ ചരമദിനം.

ആശാൻറെ വ്യത്യസ്തമാർന്ന കവിതകൾ പരിചയപ്പെടുത്താനും ആലാപനത്തിനുള്ള അവസരം ഒരുക്കുവാനും രജനി ടീച്ചറെ ക്ഷണിച്ച് ഒരു ക്ലാസ് നടത്തുവാൻ തീരുമാനിച്ചു.

**<u>ജനുവരി 26</u>**

റിപ്പബ്ലിക് ദിനം

രാവിലെ പതാക വന്ദനം;ഇന്ത്യ ബ്രിട്ടീഷ് ഭരണത്തിൽ നിന്നും മോചിതമായി ഒരു പരമോന്നത രാജ്യമായതിന്റെ ഓർമ്മ പുതുക്കാൻ ക്വിസ് മത്സരം ,ദേശഭക്തിഗാനം എന്നിവ നടത്താൻ തീരുമാനിച്ചു.ഇതിലൂടെ കേട്ടറിഞ്ഞു നിശ്ചിത സമയ പരിധിക്കുള്ളിൽ ഉത്തരം പറയാനുള്ള ശേഷി കുട്ടികളിൽ വളർത്തുകയും ദേശസ്നേഹം പ്രകടമാക്കാനും കഴിയുന്നു.

**<u>ജനുവരി 30</u>**

രക്തസാക്ഷി ദിനം;1948-ൽ ഇതേ ദിവസം കൊല്ലപ്പെട്ട മഹാത്മാഗാന്ധിയുടെ മരണത്തെ അനുസ്മരിച്ചു കൊണ്ട് ഗാന്ധി ക്വിസ് നടത്തുന്നു.രാഷ്ട്രത്തിനുവേണ്ടി അദ്ദേഹം അർപ്പിച്ച ആത്യന്തിക ത്യാഗത്തെ അനുസ്മരിച്ചുകൊണ്ടും അഹിംസ, ഐക്യം, ധാർമ്മികത എന്നിവയുടെ മൂല്യങ്ങൾ മനസ്സിലാക്കാനും മികവ് അവതരണവും സ്കൂൾതല ഡോക്യുമെൻററി പ്രദർശനവും നടത്താൻ തീരുമാനിച്ചു.

**<u>ഫെബ്രുവരി 2</u>**

ജി ശങ്കരക്കുറുപ്പ് ചരമദിനം;മലയാളത്തിലെ പ്രശസ്തനായ കവിയും ഉപന്യാസകാരനും സർവ്വകലാശാല അദ്ധ്യാപകനുമായിരുന്ന ജി. ശങ്കരക്കുറുപ്പിനെ കൂടുതൽ അടുത്തറിയാനായി ഫോട്ടോ പ്രദർശനവും ചർച്ചയും നടത്തുന്നു.

**ഫെബ്രുവരി രണ്ടാം വാരം:**

മികവ് സബ്ജില്ലാതലം

**<u>ഫെബ്രുവരി 21</u>**

ലോക മാതൃഭാഷാ ദിനം:

മാതൃഭാഷകളുടെ പ്രാധാന്യത്തെ കുറിച്ചും അവ സംരക്ഷിച്ചു കൊണ്ടുപോകേണ്ടതിന്റെ ആവശ്യകതയെ കുറിച്ചും ബോധവൽക്കരണ ചർച്ചയും എം.ടി യുടെ പ്രതിജ്ഞ ഏറ്റു ചൊല്ലുകയും ചെയ്യുന്നു.

**<u>ഫെബ്രുവരി 28</u>**

ദേശീയ ശാസ്ത്ര ദിനം :

1928 ഫെബ്രുവരി 28 ന് സർ സി.വി. രാമൻ 'രാമൻ പ്രഭാവം' കണ്ടെത്തിയതിന്റെ സ്മരണയ്ക്കായി എല്ലാ വർഷവും ഫെബ്രുവരി 28 ന് ദേശീയ ശാസ്ത്ര ദിനം ആഘോഷിക്കുന്നു തുടങ്ങി ശാസ്ത്രദിനത്തിന്റെ പ്രാധാന്യം ഉൾക്കൊള്ളാൻ പറ്റുന്ന രീതിയിൽ ശാസ്ത്ര ശിൽപ്പശാല നടത്തുന്നു.

സ്കൂൾതലം വാർഷികാഘോഷം നടത്തുന്നു.

റിപ്പോർട്ട് അവതരണം നടത്തുന്നു.

**<u>മാർച്ച് 3- വന്യജീവി സംരക്ഷണ ദിനം.</u>**

വീഡിയോ പ്രദർശനം, ചിത്രപ്രദർശനം( ഇന്ത്യയിൽ വ്യത്യസ്തമാർന്ന ജീവികൾ ഉണ്ട്. ഓരോ ജീവികളും ആഹാര ശൃംഖലയിൽ നിർണായക പങ്കുവഹിക്കുന്നുണ്ട് എന്നും അതിനാൽ വന്യജീവികളെ സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം കുട്ടികളിൽ വളർത്തുന്നതിന് ഇത്തരം പ്രവർത്തനത്തിലൂടെ സഹായിക്കുന്നു.) ക്വിസ് മത്സരം നടത്തുന്നു( വന്യജീവിളെ കുറിച്ച് കൂടുതൽ അറിവ് നേടാൻ കുട്ടികൾക്ക്

അവസരം ലഭിക്കുന്നതിനോടൊപ്പം കേട്ടറിഞ്ഞ് നിശ്ചിത സമയപരിതിക്കുള്ളിൽ ഉത്തരം പറയാനുള്ള ശേഷി വളർത്തുന്നത്തിനു സഹായിക്കുന്നു.) ബോധവൽക്കരണ ക്ലാസ്( വന്യജീവി സംരക്ഷണത്തിന്റെ പ്രാധാന്യം കുട്ടികളിലെത്തുകയും ഏതൊരു ജീവിയേയും സന്തോഷിക്കാനുള്ള മനോഭാവം വളർത്തുന്നു.)

**മാർച്ച് 6-**

മികവിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് വായനശാല സന്ദർശനം നടത്തുന്നു. വായിച്ച പുസ്തകങ്ങളെ കുറിച്ച് ചർച്ച.)

**മാർച്ച് 7-**

ബാലസഭ (വിദ്യാർത്ഥികളുടെ സർഗ്ഗ ശേഷി വർദ്ധിപ്പിക്കാൻ അവസരം നല്കുന്നു.)

**മാർച്ച് 8**

ലോക വനിതാദിനം( മാർച്ച് 9ന് ആഘോഷിക്കുന്നു) പോസ്റ്റർ രചന,വനിത സെമിനാർ( വനിതാ ദിനത്തിന്റെ പ്രാധാന്യം തിരിച്ചറിയുകയും അവരുടെ അവകാശങ്ങളെക്കുറിച്ച് ബോധ്യപ്പെടാനും കുട്ടികൾക്ക് അവസരം ലഭിക്കുന്നു) വനിതകളുടെ കൂട്ടായ്മയും ചർച്ചയും ആദരിക്കൽ, ഫീൽഡ് ട്രിപ്പ് ശ( സ്ത്രീ ശാക്തീകരണത്തിന്റെ ഉത്തരവാദിത്തബോധം നടത്തുന്നതിന് സഹായിക്കുന്നു )

**മാർച്ച് 21-**

ലോക വനദിനം പോസ്റ്റർ നിർമ്മാണം- സെമിനാർ വനസംരക്ഷണം അഭിമുഖം- (വന സംരക്ഷണത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നതിന് കുട്ടികൾക്ക് അവസരം ലഭിക്കുന്നതിനോടൊപ്പം വനം സംരക്ഷിക്കാനുള്ള അവബോധം കുട്ടികളിൽ വളർത്തുന്നു) ബോധവൽക്കരണ ക്ലാസ് ( വനസംരക്ഷണ മനോഭാവം വളർത്തുന്നു)

**മാർച്ച് 20-**

മികവിന്റെ പ്രവർത്തനത്തിന്റെ ഭാഗമായി വായനശാല സന്ദർശിക്കുകയും വായനക്കുറിപ്പ് വിലയിരുത്തുകയും ചെയ്യുന്നു.

**<u>മാർച്ച് 21-</u>**

ബാലസഭ കൂടുന്നു( വിദ്യാർത്ഥികളുടെ സർഗ്ഗ ശേഷി വർദ്ധിപ്പിക്കാൻ അവസരം നൽകുന്നു) എസ് ആർ ജി യോഗം.

**<u>മാർച്ച് 22 ലോക ജലദിനം( മാർച്ച് 23ന് ആഘോഷിക്കുന്നു.)</u>**

പോസ്റ്റർ നിർമ്മാണം( കുട്ടികളുടെ കലാപരമായ വികസിപ്പിക്കുന്നതിനോടൊപ്പം ജലത്തിന്റെ പ്രാധാന്യം തിരിച്ചറിയാനും സഹായിക്കുന്നു ) സെമിനാർ- ജലസംരക്ഷണം, ബോധവൽക്കരണ ക്ലാസ്( ജല സംരക്ഷണ മനോഭാവം വളർത്തുന്നു) പ്രസംഗം മത്സരം (കുട്ടികളുടെ ആത്മവിശ്വാസം വളർത്തുന്നതിനോടൊപ്പം ഭാഷണശേഷി വികാസം, കൃത്യമായി ആശയങ്ങൾ ശരിയായ ഭാഷാശുദ്ധിയുടെ പ്രകടിപ്പിക്കാനുള്ള ശേഷി എന്നിവ വളർത്തുന്നു.)

വാർഷിക പരീക്ഷ

***